(ഡി) എങ്കിൽ മദ്യത്തിന്റെ വില എത്ര ശതമാനമാണ് വർദ്ധിപ്പിച്ചത്;

(ഇ) ഇപ്രകാരം വർദ്ധിപ്പിച്ച വിലയ്ക്ക് മദ്യം വാങ്ങുന്നതിന് ഗവൺമെന്റ് അനുമതി നൽകിയിരുന്നുവോ;

(എഫ്) എങ്കിൽ എന്നാണ് നൽകിയത്;

(ജി) ഗവൺമെന്റ് അനുമതി നൽകാത്തപക്ഷം വർദ്ധിച്ച വിലയ്ക്ക് മദ്യം വാങ്ങുവാൻ അനുമതി നൽകിയത് ആരാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. കേരളത്തിൽ മദ്യം നൽകുന്ന കമ്പനികളെ പ്രതിനിധീകരിച്ച് കൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ആൾക്കഹോളിക് ബിവറേജസ് കമ്പനീസും കേരള ഡിസ്റ്റിലറീസ് ആന്റ് ബോട്ടലേഴ്സ് ഫെഡറേഷനും 2004 ജൂൺ മാസത്തിൽ കോർപ്പറേഷന് നൽകിയ നിവേദനങ്ങളിൽ തങ്ങൾ കോർപ്പറേഷൻ നൽകുന്ന മദ്യത്തിന് യഥാക്രമം 55-ഉം 35-ഉം രൂപയുടെ വില വർദ്ധനവ് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) വർദ്ധിപ്പിച്ച വിലയ്ക്ക് മദ്യം വാങ്ങിയിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ ആന്റ് എഫ്) 1984 മുതൽ മദ്യക്കമ്പനികൾ സമർപ്പിക്കുന്ന ടെന്ററുകൾ പരിശോധിച്ച് തീരുമാനം എടുക്കുന്നത് ഡയറക്ടർ ബോർഡാണ്. ഇതിന് സർക്കാരിന്റെ അനുമതി ആവശ്യമില്ല.

(ജി) മുകളിൽ പറഞ്ഞ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഇന്ത്യൻ നിർമ്മിത വിദേശമദ്യം

116 [1095] ശ്രീ. ഇ. എം. അഗസ്തി:
„ കെ. അച്ചുതൻ:
„ കെ. എ. ചന്ദ്രൻ:
„ കെ. സി. ജോസഫ്:
„ എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പ്രതിവർഷം ഉല്പാദിപ്പിക്കുന്നതും കുപ്പിയിലാക്കുന്നതുമായ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ അളവെത്രയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രതിവർഷം സംസ്ഥാനത്തിനാവശ്യമായ മദ്യം എത്രയാണ് എന്ന് കണക്കാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തുല്പാദിപ്പിക്കുന്ന വിദേശമദ്യത്തേക്കാൾ കൂടുതലായി ആവശ്യമായി വരുന്ന മദ്യം പുറത്തുനിന്ന് കൊണ്ടു വരികയാണോ ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈയിനത്തിൽ സംസ്ഥാനത്തിനകത്തുനിന്നും എന്തു തുക സംസ്ഥാനത്തിനു പുറത്തേയ്ക്കു പോകുന്നു എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് കൂടുതൽ ഡിസ്റ്റിലറികൾ സ്ഥാപിക്കാനുദ്ദേശമുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2003-2004 സാമ്പത്തിക വർഷത്തിൽ 9,19,81,329.35 ലിറ്റർ (ബൾക്ക് ലിറ്റർ) ഇന്ത്യൻ നിർമ്മിത വിദേശമദ്യം ഉല്പാദിപ്പിച്ചിട്ടുണ്ട്.

(ബി) ഓരോ വർഷവും വിറ്റഴിക്കപ്പെടുന്ന മദ്യത്തിന്റെ അളവ് വ്യത്യസ്തമായതിനാൽ പ്രതിവർഷം സംസ്ഥാനത്തിനാവശ്യമായ മദ്യം എത്രയാണെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല. 2003-2004 വർഷത്തിൽ കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ആകെ 105.98 ലക്ഷം കെയ്സ് മദ്യം വിറ്റഴിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) സംസ്ഥാനത്തിനകത്തുനിന്നും സംസ്ഥാനത്തിന് പുറത്തേയ്ക്കും പുറത്തുനിന്ന് സംസ്ഥാനത്തിനകത്തേയ്ക്കും മദ്യത്തിന്റെ വിനിമയം നടക്കുന്നുണ്ട്. ഇതു സംബന്ധിച്ച വ്യക്തമായ കണക്കുകൾ ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഇല്ല.

ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ നികുതി

117 [1096] ശ്രീ. എ. പി. അനിൽകുമാർ:
" കെ. അച്ചുതൻ:
" ജി. പ്രതാപവർമ്മ തമ്പാൻ:
" എൻ. ശക്തൻ:
" തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ നികുതി കുറയ്ക്കുകയുണ്ടായോ;

(ബി) നികുതി കുറയ്ക്കുമ്പോൾ മദ്യവിൽപ്പന കൂടുന്നതിന്റെ ഫലമായി നികുതി പിരിവ് വർദ്ധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ വിൽപ്പന വർദ്ധിച്ചതിന്റെ ഫലമായി ഇതുവരെ മദ്യത്തിന്റെ നികുതി പിരിവിൽ എന്തു വർദ്ധനയുണ്ടായി എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly